# വിദ്യാഭ്യാസ പ്രവർത്തനം

പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ പുതിയ കെട്ടിടം പ്രവർത്തനയോഗ്യമായശേഷം വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ നടത്തിവരുന്നു. വിദ്യാർത്ഥികളിൽ കലാബോധവും ശാസ്ത്രാഭിരുചിയും ചരിത്രബോധവും സാമൂഹികാവബോധവും വളർത്തുവാനുദ്ദേശിച്ചുകൊാണ് ഇത്തരം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഫാസിന്റെ പ്രവർത്തനമേഖലയായപരവൂർ-പൂതക്കുളം-നെടുങ്ങോലം പ്രദേശങ്ങളിലെഎൽ.പി., യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായാണ് മത്സരം നടത്തിവരുന്നത്.

## ക്വിസ് മത്സരം

വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്താൻ ഉദ്ദേശിച്ചുകൊ് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി(**ഫാസ്**)യുടെ ആഭിമുഖ്യത്തിൽ **കേരളത്തിന്റെ ഭൂപ്രകൃതി** എന്ന വിഷയത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. ലോകശാസ്ത്രദിനമായ നവംബർ 10 ശനിയാഴ്ച രാവിലെ 9.30 മണിമുതൽ ഫാസ് ഹാളിലാണ് മത്സരം നടത്തിയത്. സ്കൂളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഓരോ വിഭാഗത്തിലെയും രണ്ടുവീതം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. കൂടുതൽ പോയിന്റു നേടിയ ഓരോ വിഭാഗത്തിലെയും രണ്ടുവിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കേറ്റും നൽകുകയുണ്ടായി.

### സമ്മാനാർഹരായവർ

**എൽ.പി. വിഭാഗം**

**ഒന്നാം സ്ഥാനം** – പ്രജുഷ എസ്.പി., ഹരിശ്രീ പബ്ലിക് സ്കൂൾ, പൂതക്കക്കളം
രാം സ്ഥാനം – അമൂല്യ അശോക്, ഗവ: എൽ.പി.സ്കൂൾ, കോട്ടപ്പുറം, പരവൂർ

**യു.പി. വിഭാഗം**

**ഒന്നാം സ്ഥാനം** – ശങ്കർ മഹാദേവൻ എം., ജി.എച്ച്.എസ്.എസ്., പൂതക്കുളം
**രാം സ്ഥാനം** – അഞ്ജലി കെ.ആർ., എസ്.എൻ.വി.ജി.എച്ച്.എസ്., പരവൂർ

**എച്ച്.എസ്. വിഭാഗം**

**ഒന്നാം സ്ഥാനം** – (1) മുഹമ്മദ് സഹീർ എ., ഗവ: എച്ച്.എസ്.എസ്., പരവൂർ
(2) സ്നേഹ സുരേഷ്, ഗവ: എച്ച്.എസ്.എസ്., പൂതക്കുളം
**രാം സ്ഥാനം** – അമർനാഥ് എസ്., ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

**എച്ച്.എസ്.എസ്. വിഭാഗം**

**ഒന്നാം സ്ഥാനം** – സിയാന ബാബു ജെ., ശ്രീനാരായണ സെൻട്രൽ സ്കൂൾ, നെടുങ്ങോലം.
**രാം സ്ഥാനം** – കാർത്തിക് ശിവൻ, ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

വിജയികൾക്കുള്ള മെമന്റൊ, സർട്ടഫിക്കേറ്റ്, പുസ്തകം എന്നിവ സമ്മാനം നേടിയ വിദ്യാർത്ഥികളുടെ സ്കൂൾ അസംബ്ലിയിൽ ഫാസ് കമ്മിറ്റി അംഗങ്ങൾ വിതരണം ചെയ്തു.

## ചിത്രരചന മത്സരം/ഫാസ്–മാത്സ് ഒളിമ്പ്യാഡ്

ഭാരതീയ ഗണിതശാസ്ത്രജ്ഞനായിരുന്ന ശ്രീനിവാസ രാമാനുജന്റെ 131–ാം ജന്മവാർഷിക ദിനമായ 2018 ഡിസംബർ 22–ന് അദ്ദേഹത്തിന്റെ പ്രൗഢസ്മരണ നിലനിർത്താനായി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി(**ഫാസ്**)യുടെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഫാസ് ആഫീസിൽ താഴെ പറയുന്ന മത്സരങ്ങൾ നടത്തി:

**ചിത്രരചന മത്സരം**

എൽ.പി.–യു.പി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായി യഥാക്രമം 9.30 മണിമുതലും 10.30 മണിമുതലും ചിത്രരചന മത്സരം നടത്തി.

## ഫാസ്–മാത്സ് ഒളിമ്പ്യാഡ്

എച്ച്.എസ്.–എച്ച്.എസ്.എസ്. വിഭാഗം വിദ്യാർത്ഥികൾക്കായി നിത്യജീവിതവുമായി ബന്ധപ്പെട്ട കണക്കുകളെ പ്രധാനമായി ഉൾപ്പെടുത്തി പകൽ 2.30 മണിമുതൽ ഒരുമണിക്കൂർ ദൈർഘ്യമുള്ള മാത്സ് ഒളിമ്പ്യാഡ് ഗണിതശാസ്ത്രപരീക്ഷ നടത്തി. സ്കൂളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഓരോ വിഭാഗ ത്തിലുംപെട്ട രണ്ടുവീതം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.. കൂടുതൽ പോയിന്റുനേടിയ ഓരോ വിഭാഗത്തിലെയും രണ്ടുവിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കേറ്റും നൽകുകയുണ്ടായി.

## സമ്മാനാർഹരായവർ

### ചിത്രരചന മത്സരം – എൽ.പി. വിഭാഗം

**ഒന്നാം സ്ഥാനം** – പ്രാർത്ഥന വിജയ്, എശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

രാം സ്ഥാനം – ഫാദി ഹലിം, ഗവ: എച്ച്.എസ്.എസ്., പരവൂർ

### ചിത്രരചന മത്സരം – യു.പി. വിഭാഗം

**ഒന്നാം സ്ഥാനം** – അതുൽ., ജി.എച്ച്.എസ്.എസ്., നെടുങ്ങോലം.

**രാം സ്ഥാനം** – അനാമിക ബ്.എസ്., ഗവ: എച്ച്.എസ്.എസ്., പൂതക്കുളം

### മാത്സ് ഒളിമ്പ്യാഡ് – എച്ച്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – (1) ബിനോയ് ബിജു., ചെമ്പകശ്ശേരി എച്ച്.എസ്.എസ്., പൂതക്കക്കളം

**രാം സ്ഥാനം** – കാർത്തിക് ആർ. പിള്ള, ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

### മാത്സ് ഒളിമ്പ്യാഡ് – എച്ച്.എസ്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – മുഹമ്മദ് ഖാദർഷാ, ഗവ: എച്ച്.എസ്.എസ്., പരവൂർ

**രാം സ്ഥാനം** – അനിമ പ്രകാശ്, ജി.എച്ച്.എസ്.എസ്., നെടുങ്ങോലം.

ഫാസിന്റെ 287–ാമത് പ്രോഗ്രാം ദിവസം വിജയികൾക്കുള്ള മെമന്റൊ, സർട്ടഫിക്കേറ്റ്, പുസ്തകം എന്നിവ ഫാസ് പ്രസിഡന്റ് ശ്രീ. കെ. സദാനന്ദൻ വിതരണം ചെയ്തു.

## പ്രസംഗ മത്സരം / പ്രബന്ധരചന മത്സരം

ഇൻഡ്യ പരമാധികാര റിപ്പബ്ലിക്കായിട്ട് 2019 ജനുവരി 26–ന് 69 വർഷം തികഞ്ഞു.. റിപ്പബ്ലിക്കായ തിന്റെ 69–ാം വാർഷിക ദിനാചരണാഘോഷത്തിന്റെ ഭാഗമായി പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി (ഫാസ്) യുടെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഫാസ് ആഫീസിൽ വിവിധ മത്സര ങ്ങൾ സംഘടിപ്പിച്ചു.

### എൽ.പി. വിഭാഗം (4–ാംക്ലാസ്)

എൽ.പി. വിഭാഗം (4–ാം ക്ലാസ്സ്) വിദ്യാർത്ഥികൾക്ക് **റിപ്പബ്ലിക് ദിനത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തിൽ അഞ്ചുമിനിറ്റിൽ അധികരിക്കാതെയുള്ള പ്രസംഗമത്സരമാണ് നടത്തിയത്. എൽ.പി. വിഭാ ഗത്തിൽ ഒരു സ്കൂളിൽനിന്ന് ഒരു കുട്ടി പങ്കെടുത്തു.

### യു.പി. /എച്ച്.എസ്. / എച്ച്.എസ്.എസ്. വിഭാഗം

ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന സംഭവങ്ങളാണ് ഹോംറൂൾ പ്രസ്ഥാനം, നിസ്സ ഹകരണ പ്രസ്ഥാനം, വാഗൺ ട്രാജഡി, ജാലിയൻവാല ബാഗ്, പൂർണ്ണ സ്വരാജ്, ദണ്ഡി യാത്ര, ചമ്പാ രൻ സത്യാഗ്രഹം, ക്വിറ്റ് ഇൻഡ്യ മൂവ്മെന്റ്, ഇൻഡ്യൻ ഇന്റിപെന്റൻസ് ആക്റ്റ് തുടങ്ങിയവ.

ഇൻഡ്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട മുകളിൽപ്പറഞ്ഞ പ്രധാനസംഭവങ്ങളിലെ ഏതെ ങ്കിലും ഒരു വിഷയത്തിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വെവ്വേറെ, വിഷയം തത്സമയം നൽകിയുള്ള പ്രബന്ധരചന മത്സരമാണ് നടത്തിയത്. സ്കൂളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിഭാഗത്തിലുംപെട്ട രണ്ടുവീതം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

**രണ്ടുമണിമുതൽ ശ്രീ. ബി. മുരുകേശൻ ഭരണഘടന മൂല്യങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് വിശദമായി ക്ലാസ്സെടുത്തു.** തുടർന്ന്, മൂന്നുമണിമുതൽ 4.30 വരെയാണ് പ്രബന്ധരചന മത്സരം നടത്തിയത്. കൂടുതൽ പോയിന്റുനേടിയ ഓരോ വിഭാഗത്തിലെയും രണ്ടുവീതം വിദ്യാർത്ഥികൾക്ക് മെമന്റൊയും സർട്ടിഫിക്കേറ്റും നൽകി.

## സമ്മാനാർഹരായവർ

### പ്രസംഗ മത്സരം – എൽ.പി. വിഭാഗം

**ഒന്നാം സ്ഥാനം** – അമൂല്യ അശോക്, ഗവ: എൽ.പി.സ്കൂൾ, കോട്ടപ്പുറം, പരവൂർ

**രണ്ടാം സ്ഥാനം** – എസ്. ആർ. ശ്രീഹരി, ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

### പ്രബന്ധ രചന മത്സരം – യു.പി. വിഭാഗം

**ഒന്നാം സ്ഥാനം** – വിദ്യ വിശ്വംഭരൻ., ജി.എച്ച്.എസ്.എസ്., നെടുങ്ങോലം.

**രണ്ടാം സ്ഥാനം** – നന്ദന ജയേഷ്., ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

### പ്രബന്ധ രചന മത്സരം – എച്ച്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – (1) പാർവതി എസ്. കുമാർ, എസ്.എൻ.വി.ജി.എച്ച്.എസ്., പരവൂർ

**രണ്ടാം സ്ഥാനം** – നന്ദന ഷാജി പി., ഗവ: എച്ച്.എസ്.എസ്., പരവൂർ

### പ്രബന്ധ രചന മത്സരം – എച്ച്.എസ്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – മേഘലാൽ എം., ഗവ: എച്ച്.എസ്.എസ്., പൂതക്കുളം

**രണ്ടാം സ്ഥാനം** – ആര്യ എസ്., ജി.എച്ച്.എസ്.എസ്., പൂതക്കുളം

## പഠിക്കാം.....മുന്നേറാം – പഠന ക്ലിനിക്ക്

പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി 10–ാം ക്ലാസ്സ് കഴിഞ്ഞവർക്ക് പഠനത്തിന്റെയും വളർച്ചയുടെയും വിവിധ തലങ്ങളും കൗമാര പ്രശ്നങ്ങളും മനഃശ്ശാസ്ത്രപരമായി അപഗ്രഥിച്ചവതരിപ്പിക്കുന്ന **പഠിക്കാം.....മുന്നേറാം – പഠന ക്ലിനിക്ക് 2019 ജൂൺ 22 ശനിയാഴ്ച പകൽ 10 മണി** മുതൽ ഫാസ് ഹാളിൽ നടത്തി. തിരുവനന്തപുരം മെഡിക്കൽ കോളെജിലെ പ്രശസ്ത പീഡിയാട്രിക്സ് & ചൈൽഡ് സൈക്യാട്രി അഡീഷണൽ പ്രൊഫസർ ഡോ: ആർ. ജയപ്രകാശാണ് ഗൈഡൻസ് നൽകിയത്. **പരവൂർ നഗരസഭ ചെയർമാൻ ബഹു: ശ്രീ. കെ.പി. കുറുപ്പ്** പഠന ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. ക്ലാസ്സിനോടൊപ്പം വിദ്യാർത്ഥികളുമായുണ്ടായ ആശയസംവേദനം ക്ലാസ്സിനെ സജീവവും ഊർജസ്വലവും സമ്പന്നവുമാക്കി.

## കേരളത്തിലെ നവോത്ഥാന നായകർ / ക്വിസ് മത്സരം

വിദ്യാർത്ഥികളിൽ ചരിത്ര ബോധവും സാമൂഹിക കാഴ്ചപ്പാടും വളർത്താൻ ഉദ്ദേശിച്ചുകൊണ്ട് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി(ഫാസ്)യുടെ ആഭിമുഖ്യത്തിൽ **മഹാത്മ അയ്യൻകാളിയുടെ ജന്മവാർഷികദിനമായ 2019 ആഗസ്റ്റ് 28–ന് കേരളത്തിലെ നവോത്ഥാന നായകർ** എന്ന വിഷയത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഫാസിന്റെ പ്രവർത്തന മേഖലയായ പരവൂർ–പൂതക്കുളം–നെടുങ്ങോലം പ്രദേശങ്ങളിലെ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 28 ബുധനാഴ്ച രാവിലെ 10 മണിമുതൽ ഫൈൻ ആർട്സ് സൊസൈറ്റി ഹാളിലാണ് മത്സരം നടത്തിയത്.

സ്കൂളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഓരോ വിഭാഗത്തിലെയും രണ്ടുവീതം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. കൂടുതൽ പോയിന്റുനേടിയ ഓരോ വിഭാഗത്തിലെയും രണ്ടുവീതം വിദ്യാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കേറ്റും അതാത് സ്കൂൾ അസംബ്ലിയിൽ വച്ച് നൽകുന്നതാണ്.

## സമ്മാനാർഹരായവർ

### യു.പി. വിഭാഗം

**ഒന്നാം സ്ഥാനം** – ദിയാംഷി ഡി., ജി.യു.പി.സ്കൂൾ, കലയ്ക്കോട്

**രണ്ടാം സ്ഥാനം** – വിസ്മയ വി.എസ്., ജി.യു.പി.സ്കൂൾ, കലയ്ക്കോട്

## എച്ച്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – കൃഷ്ണപ്രിയ ജി., ജി.എച്ച്.എസ്.എസ്., പൂതക്കക്കളം

**ര ാം സ്ഥാനം** – അനന്തു ബി., ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

## എച്ച്.എസ്.എസ്. വിഭാഗം

**ഒന്നാം സ്ഥാനം** – കാർത്തിക് ശിവൻ, ഐശ്വര്യ പബ്ലിക് സ്കൂൾ, കലയ്ക്കോട്.

**ര ാം സ്ഥാനം** – സൗമ്യ എസ്., ശ്രീനാരായണ സെൻട്രൽ സ്കൂൾ നെടുങ്ങോലം.